ഉത്തരം

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

134(342) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി നടപ്പുവർഷം വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഗരപ്രദേശത്ത് കായികാധ്വാനത്തിന് തയ്യാറുള്ള കുടുംബങ്ങൾക്ക് പ്രതിപക്ഷം 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ "അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി "2010 നവംബർ 1 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ 3-9-2010-ലെ സ.ഉ.(കൈ)നമ്പർ 252/2010/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2010 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 13-09-2010-ലെ സ.ഉ.(കൈ)നമ്പർ 252/2010/തസ്വഭവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) പദ്ധതി നടത്തിപ്പിനാവശ്യമായ മുന്നൊരുക്കങ്ങളായ പരിശീലന പരിപാടികൾ, കർമ്മ പദ്ധതി രൂപീകരിക്കൽ, തൊഴിലാളികളുടെ രജിസ്ട്രേഷൻ എന്നിവ പുരോഗമിച്ചു വരുന്നുണ്ട്. പരിശീലനങ്ങൾക്കും മുന്നൊരുക്കങ്ങൾക്കുമായി 6.83 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണച്ചട്ടങ്ങൾ

135 (343) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പഞ്ചായത്തുകൾക്കുകൂടി ബാധകമാക്കിയതിനെ തുടർന്ന് ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ, പഞ്ചായത്തുകൾക്കുമാത്രമായി കെട്ടിട നിർമ്മാണച്ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പഞ്ചായത്തുകൾക്കുമാത്രം ബാധകമാകുന്ന കെട്ടിട നിർമ്മാണച്ചട്ടങ്ങൾ രൂപീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ : എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇതുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പഞ്ചായത്തുകൾക്കുമാത്രമായി കെട്ടിട നിർമ്മാണച്ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 6-6-2007-ലെ G.O.(Ms)/150/2007/LSGD നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുപ്രദേശങ്ങളിലും ബാധകമാക്കിയിട്ടുണ്ട്. തുടർന്ന്, പൊതുജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ, സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. അവയുടെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി

136(344) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഈ അടുത്തകാലത്ത് ഭേദഗതി ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് ഈ ഭേദഗതിയിലൂടെ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഫ്.എ.ആർ., കവറേജ്, വഴിയുടെ വീതി, ലേ ഔട്ട് അംഗീകാരം, അംഗവൈകല്യം ബാധിച്ചവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ, മഴവെള്ള സംഭരണ സംവിധാനങ്ങളുടെ ചട്ടങ്ങളിലെ പരിഷ്കാരങ്ങൾ, സുരക്ഷാ മേഖല ചട്ടങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, സർക്കാർ അംഗീകൃത സ്കീമുകളിൽപ്പെട്ട കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചട്ടങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് അടുത്ത കാലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങൾ .

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly